## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3078 18.10.2016- ൽ മറുപടിക്ക്

"ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾ "

ചോദ്യം

ശ്രീ.യു. ആർ. പ്രദീപ്

ഉത്തരം

ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായ മേഖലയിൽ നിലവിൽ എത്ര സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്; | എ) | 31.03.2015 വരെ 2,49,696 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളും, സൗകര്യങ്ങളും ആണ് വ്യവസായ വകുപ്പ് നൽകുന്നത്; | ബി) | വ്യവസായ സംരംഭകർക്ക് ചുരുങ്ങിയ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഓരോ ജില്ലയിലും ഡെവലപ്മെന്റ് പ്ലോട്ട്/ഏരിയ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംരംഭകർക്കും നിർവ്വഹണോദ്യോഗസ്ഥർക്കും വിവിധ തരത്തിലുള്ള പരിശീലനം, മറ്റ് വ്യവസായ വികസന പ്രവർത്തനങ്ങൾ, ബിസിനസ് ഇൻകുബേഷൻ സേവനങ്ങൾ, ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടി, സംരംഭകത്വ സഹായ പദ്ധതി, പശ്ചാത്തല സൗകര്യ വികസനം, വ്യവസായ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി സഹായം മുതലായവയും വ്യവസായ വകുപ്പ് നല്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | ചെറുകിട വ്യവസായ മേഖലയിൽ ഓരോ വർഷവും ശരാശരി എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുന്നുണ്ട് എന്നാണ് വ്യവസായവകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | | ചെറുകിട വ്യവസായ മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്ന ശരാശരി തൊഴിലവസരങ്ങൾ സംബന്ധിച്ച് വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുള്ള വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>2011-12 - 72324<br>2012-13 - 81467<br>2013-14 - 87789<br>2014-15 - 83501<br>2015 (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ) - 44281 |

**സെക്ഷൻ ഓഫീസർ**